വായ്പകൾക്കും അഡ്വാൻസുകൾക്കുമായി മൊത്തം 15.16 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻകൊല്ലങ്ങളിലെ വായ്പകളിലും അഡ്വാൻസുകളിലും നിന്നും 6.08 കോടി രൂപ വരവു പ്രതീക്ഷിക്കുകയും തൻമൂലം അറ്റചെലവ് 9.08 കോടി രൂപയായി ചുരുങ്ങുകയും ചെയ്യുന്നു.

വാർഷിക പദ്ധതി

കേന്ദ്രഗവൺമെൻറും പ്ലാനിംഗ് കമ്മിഷനുമായും ഈയിടെ നടത്തിയ ചർച്ചകളുടെ ഫലമായി 1970–71–ലെ പദ്ധതി അടങ്കൽ 46 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന പ്ലാനിംഗ് വകുപ്പു തയ്യാറാക്കിയ താൽക്കാലിക അടങ്കലുകളുടെ അടിസ്ഥാനത്തിൽ വിവിധ പരിപാടികൾക്കായി ബഡ്ജറ്റിൽ തുക കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ബഡ്ജറ്റിൻ പ്രകാരമുള്ള മൊത്തം അടങ്കൽ 46.94 കോടി രൂപയാണ്. അങ്ങനെ 94 ലക്ഷം രൂപയുടെ വർദ്ധന ഉണ്ടായിട്ടുള്ളത്, പ്രധാനമായും സഹകരണ സംഘങ്ങളിലെ ഓഹരി മൂലധന നിക്ഷേപം (70 ലക്ഷം രൂപ–പുതുതായി പ്ലാനിൽ ഉൾപ്പെടുത്തിയ പരിപാടി) ഭവന നിർമ്മാണം (28 ലക്ഷം) എന്നിവയിൽ ആണ്. ബഡ്ജറ്റിന് അന്തിമരൂപം നൽകിയതിനുശേഷം പ്ലാനിംഗ് കമ്മിഷൻെറ പ്രോഗ്രാം അഡ്വൈസർ സംസ്ഥാനം സന്ദർശിക്കുകയും സംസ്ഥാന ഉദ്യോഗസ്ഥൻമാരുമായി പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുകയുമുണ്ടായി. ഈ ചർച്ചകളുടെ ഫലമായി വേണ്ടിവന്നേക്കാവുന്ന മാറ്റങ്ങൾ ബഡ്ജറ്റിൽ കണക്കിലെടുത്തിട്ടില്ല.

1970–71–ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ ചില പ്രധാന പരിപാടികളിലേക്ക് ഞാൻ ഇനി കടക്കട്ടെ.

കാർഷികരംഗം

കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ 92 ശതമാനം ഇപ്പോൾത്തന്നെ കൃഷി ചെയ്തിരിക്കെ, ഇനിയും കൂടുതൽ സ്ഥലത്തേക്കു കൃഷി വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത വിരളമാണ്. കടുംകൃഷിയുടെയും, ഒന്നിലധികം തവണ വിളവ് ഇറക്കുന്നതിൻെറയും പ്രാധാന്യം ഇതിൽനിന്നും വ്യക്തമാകുന്നു. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് രാസവളങ്ങൾ, ഉയർന്ന ഉൽപ്പാദനശേഷിയുള്ള വിത്തുകൾ എന്നിവ ഉപയോഗിക്കുവാനും, സാദ്ധ്യമാകുന്നിടത്തോളം ഒരുപ്പുനിലങ്ങളെ ഇരുപ്പൂനിലങ്ങളും മുപ്പൂ നിലങ്ങളും ആയി രൂപാന്തരപ്പെടുത്തുവാനും, കൃഷിക്കാരെ പ്രോൽസാഹിപ്പിക്കുവാൻ വേണ്ട പദ്ധതികൾ ഗവൺമെൻറ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കൃഷിക്കാരിൽ ഭൂരിഭാഗവും സ്വന്തമായി വേണ്ടത്ര മുതൽമുടക്കാൻ കഴിവില്ലാത്ത ചെറുകിടക്കാരാണ്. ഇത്തരക്കാരുടെ നൻമയെ ലാക്കാക്കി ഗവൺമെൻറ്, ''ഏലാ ഉൽപ്പാദന യൂണിറ്റുകൾ'' രൂപീകരിക്കൻ ഉദ്ദേശിക്കുന്നുണ്ട്. ഒരുമിച്ചു കിടക്കുന്ന അഞ്ഞൂറ് ഏക്കറോ അതിൽ കൂടുതലോ ഉള്ള പാടശേഖരങ്ങളെ ഒരു ഏലാ ഉൽപ്പാദനകേന്ദ്രമാക്കുകയാണ്. ഈ പദ്ധതി. കൂടുതൽ ഉൽപ്പാദനശേഷിയുള്ള വിത്തുകൾ, മികച്ച യന്ത്രവൽക്കൃതകാർഷികോപകരണങ്ങൾ, രാസവളങ്ങൾ, കീടനാശിനികൾ മുതലായവയ്ക്കു പുറമേ ധനസഹായവും സാങ്കേതിക സഹായവും ഗവൺമെൻറ് നൽകുന്നതാണ്. കൃഷിക്കാരുടെ പ്രതിനിധികളും, സഹകരണസംഘങ്ങൾ, പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളും ഉൾപ്പെട്ട ഒരു ഉൽപ്പാദനകമ്മിറ്റിയുടെ മേൽനോട്ടത്തിലുള്ള കൂട്ടുപ്രവർത്തനത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് അവിടത്തെ കൃഷി. 1970–71–ൽ ''ഏലാ ഉൽപ്പാദനയൂണിറ്റുകൾ'' രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപാ വകകൊള്ളിച്ചിട്ടുണ്ട്. ചെറുകിട കൃഷിക്കാർക്കായുള്ള പൈലറ്റ് പ്രോജക്റ്റുകൾ രൂപീകരിക്കുക എന്നുള്ളതാണ് 1970–71–ലെ മറെറാരു പുതിയ പദ്ധതി. ഇത് ഒരു കേന്ദ്രാവിഷ്കൃത

LIBRARY ARCHIVES Kerala Legislative Assembly